കഥാസാരം: വിനോദ സഞ്ചാരത്തിനായി പോത്തുഗീസിലേക്ക് പോകുന്നവരെയെല്ലാം കാണാതാകുന്നു . അതന്വേഷിക്കാൻ പുറപ്പെട്ട ചാർളിയും പെട്രോയും അപ്രത്യക്ഷരായി. അന്വേഷണം പൂച്ചപ്പോലീസ് ഏറ്റെടുത്തു. കേസിനെ പറ്റിയുള്ള ചാർളിയുടെ റിപ്പോർട്ട് പരതുന്ന പൂച്ചപ്പോലീസ്. സീസറിനെ പറ്റിയുള്ള പരാമർശം റിപ്പോർട്ടിലുണ്ട്. അന്വേഷണത്തിന് പൂച്ചപ്പോലീസ് പോത്തുഗീസിലെത്തി. തന്നെ ഫോളോ ചെയ്ത കുറുക്കനെ തിരക്കി ഫാബിയാനോയുടെ മദ്യശാലയിലെത്തുന്ന പൂച്ചപ്പോലീസ് ഫാബിയാനോ ഗ്രേയുടെ പിടിയിലാകുന്നു. അവർ പൂച്ചപ്പോലീസിനെ ജി.എമ്മിന്റെ അടുത്തെത്തിക്കുന്നു. നിന്നെ പിടികൂടാൻ സീസറിന്റെ നിർദേശമുണ്ടെന്ന് പറയുന്നു ജി.എം. അവിടെ നിന്ന് രക്ഷപെടാൻ ശ്രമിക്കും നേരം പൂച്ചപ്പോലീസിനെ ജി.എം പിടികൂടുന്നു. വിമാനത്തിൽ കയറ്റി പ്രവർത്തിക്കാത്ത പാരച്യൂട്ട് ധരിപ്പിച്ച് പുറത്തേക്ക് തള്ളിയിടുന്നു. വളരെ സാഹസികമായി കുതിച്ചുപായുന്ന ട്രെയിനിനു മീതെ ലാൻഡ് ചെയ്യുന്ന പൂച്ചപ്പോലീസ്. അവിടെ നിന്ന് ഒരു ടാക്സിയിൽ രക്ഷപ്പെടുന്ന പൂച്ചപ്പോലീസ്. പൂച്ചപ്പോലീസിന്റെ ക്ലേഷ്യസിന്റെ പിടിയിലാകുന്നു. ക്ലേഷ്യസ് പോത്തുഗീസിലെ ധനികനായ ബ്രിട്ടോയുടെ അടുത്തേക്ക് പൂച്ചപ്പോലീസിനെ കൊണ്ടുപോകുന്നു. ബ്രിട്ടോയുടെ കൊട്ടാരത്തിൽ വെച്ച് പൂച്ചപ്പോലീസ് ചാർളിയെ കാണുന്നു. ബ്രിട്ടോയും സീസറുമെല്ലാം ചാർളി തന്നെയാണെന്നറിയുന്ന പൂച്ചപ്പോലീസ് ഞെട്ടുന്നു. ചാർളി താൻ മിസ്സിങ്ങാണെന്ന് വരുത്തിത്തീർത്ത് കഴിഞ്ഞ പത്തുവർഷം കൊണ്ട് വലിയ സാമ്രാജ്യമാണ് പോത്തുഗീസിൽ പടുത്തുയർത്തിയത്. അവിടെവെച്ച് ചാർളി തടവിലാക്കിയ പെട്രോയെ പൂച്ചപ്പോലീസ് കാണുന്നു. പോത്തുഗീസിനെ അടക്കിഭരിക്കാനുള്ള ചാർളിയുടെ ശ്രമങ്ങളെ പറ്റി ക്യാറ്റ്പോളിനോട് പെട്രോ പറയുന്നു. പെട്ടെന്ന് സെല്ലിനുനേരെ ഒരു താക്കോൾക്കൂട്ടം ഉരുണ്ട് വന്നു. അതിന്റെ കൂടെ 'നാളെ രാവിലെ പത്തുമണി, അടയാളത്തിനു വേണ്ടി കാത്തിരിക്കൂ 'എന്നൊരു സന്ദേശവുമുണ്ടായിരുന്നു. പത്ത് മണിക്കാണ് പ്രസിഡന്റിനുള്ള ബ്രിട്ടോയുടെ സൽക്കാരം നടക്കുന്നത്. പിറ്റേന്ന് ഒമ്പതര മണി, പ്രസിഡന്റിന്റെ വാഹനം ബ്രിട്ടോയുടെ കൊട്ടാരത്തിലേക്ക് വരുന്നു.



◆◆ സുപ്രീം കോടതിയിലെ ആദ്യ വനിതാ ജഡ്ജി– ഫാത്തിമാ ബീവി

മലർവാടി



◆◆ സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ആദ്യ വനിത – അമൃതാ പ്രീതം



◆◆ ഒളിമ്പിക്സിൽ വെള്ളി മെഡൽ നേടിയ ആദ്യ ഇന്ത്യക്കാരി – പി. വി സിന്ധു (ബാഡ്മിന്റൺ)